# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1321 — 03.12.2015 ൽ മറുപടിയ്ക്ക്

### നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. കെ.വി. വിജയദാസ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോയുടെ കർഷകരിൽ നിന്നുള്ള നെല്ല് സംഭരണം പ്രതിസന്ധിയിലായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ; | (എ) ഇല്ല. |
| (ബി) കഴിഞ്ഞ വർഷവും ഈ വർഷം നാളിതുവരെയും കർഷകരിൽ നിന്നും സപ്ലൈകോ സംഭരിച്ച നെല്ലിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) 2014-15 ഒന്നാം സീസൺ - 143313 മെ. ടൺ.<br>2014-15 രണ്ടാം സീസൺ - 406742 മെ. ടൺ.<br>2015-16 ഒന്നാം സീസൺ - 139000 മെ. ടൺ.<br>(27.11.2015 വരെ) |
| (സി) നെല്ല് സംഭരണത്തിൽ നിന്നും സപ്ലൈകോ പിന്മാറിയത് മൂലം കർഷകർക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (സി) നെല്ല് സംഭരണത്തിൽ നിന്നും സപ്ലൈകോ പിന്മാറിയിട്ടില്ല. |
| (ഡി) സ്വകാര്യ മില്ലുടമകളും സപ്ലൈകോയും സ്വീകരിച്ച നിലപാട് മൂലം നെൽകർഷകർക്ക് നഷ്ടം ഉണ്ടായിട്ടുണ്ടോ;എങ്കിൽ ആയത് കണക്കാക്കിയിട്ടുണ്ടോ; | (ഡി) സപ്ലൈകോ സംഭരിക്കുന്ന നെല്ലിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഗുണമേന്മ മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നതല്ലാതെ മറ്റ് പ്രത്യേക നിലപാടുകൾ ഒന്നും സപ്ലൈകോ സ്വീകരിക്കുന്നില്ല. |
| (ഇ) നെല്ല് സംഭരിച്ച വകയിൽ സപ്ലൈകോ എന്ത് തുക കർഷകർക്ക് കുടിശ്ശിക നല്കാനുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) 07.11.2015 തീയതിയിലെ സ.ഉ (എം.എസ്) നം.34/2015/ഭ.സി.സ.വ. നമ്പർ ഉത്തരവ് പ്രകാരം നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 19 രൂപയിൽ നിന്നും 21.50 രൂപയാക്കി വർദ്ധിപ്പിച്ച് ഒക്ടോബർ മുതൽ മുൻകാല പ്രാബല്യത്തോടെ ഉത്തരവായിട്ടുണ്ട്. ടി വർദ്ധനവ് മൂലം 34.75 കോടി രൂപ കുടിശ്ശികയുണ്ട്. |

Beena

സെക്ഷൻ ഓഫീസർ